LIBRARY ARCHIVES Kerala Legislative Assembly

കാർഷിക സർവ്വകലാശാലയിൽ ഗവേഷണ കോപ്പിയടി

230 (1704) ശ്രീ. പി. കെ. ബഷീർ :

ശ്രീ. കെ. എം. ഷാജി :

ശ്രീ. കെ. എൻ. എ. ഖാദർ :

ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക സർവ്വകലാശാലയിൽ ഗവേഷണ കോപ്പിയടി നടന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത വിഷയത്തിൽ എന്തൊക്കെ പരിശോധനകൾ നടത്തിയെന്നും, കണ്ടെത്തലുകൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ;

(സി) ഉന്നത ശാസ്ത്ര വിദ്യാഭ്യാസരംഗത്ത് ഇത്തരം ആരോപണങ്ങൾ ഉയരുന്നത് ആശാസ്യമല്ലെന്നതിനാൽ പ്രസ്തുത വിഷയത്തിൽ വിശദ പരിശോധന നടത്തി, സംശയങ്ങൾ ദൂരീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

(സി) ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് പ്രബന്ധ ചോരണം തടയുന്നതിനുള്ള നടപടികൾ കേരള കാർഷിക സർവ്വകലാശാല സ്വീകരിച്ചു വരുന്നുണ്ട്.

കാലിത്തീറ്റ വില

231 (1705) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010-11-ൽ കേരളാഫീഡ്സ് ഉത്പാദിപ്പിച്ചിരുന്ന കാലിത്തീറ്റയുടെ വില എത്രയായിരുന്നുയെന്നും ഇപ്പോഴത്തെ വില എത്രയാണെന്നും വിശദമാക്കുമോ;

(ബി) മിൽമാ കാലിത്തീറ്റയുടെ 2011-ലെയും 2015-ലെയും വില എത്രയാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 2010-11-ൽ കേരള ഫീഡ്സ് ഉത്പാദിപ്പിച്ചിരുന്ന കാലിത്തീറ്റയുടെ വില 50 കിലോ ചാക്കൊന്നിന് 650 രൂപയും ഇപ്പോഴത്തെ വില 50 കിലോ ചാക്കൊന്നിന് 960 രൂപയും ആണ്.

(ബി) 2011-ൽ മിൽമ ഗോമതി പ്ലസ് കാലിത്തീറ്റ 50 കിലോ ചാക്കൊന്നിന് 650 രൂപയും മിൽമ ഗോമതി സൂപ്പർ കാലിത്തീറ്റ 50 കിലോ ചാക്കൊന്നിന് 685 രൂപയും ആയിരുന്ന വില. 2015-ൽ മിൽമ ഗോമതി റിച്ച് കാലിത്തീറ്റ 50 കിലോ ചാക്കൊന്നിന് 960 രൂപയും മിൽമ ഗോമതി ബ്ലാക്ക് കാലിത്തീറ്റ 50 കിലോ ചാക്കൊന്നിന് 850 രൂപയും മിൽമ ഗോമതി ഗോൾഡ് കാലിത്തീറ്റ 50 കിലോ ചാക്കൊന്നിന് 1100 രൂപയും ആണ്.

ഗോവർദ്ധിനി പദ്ധതി

232 (1706) ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് ഗോവർദ്ധിനി പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കിവരുന്നു.

(ബി) 1. കന്നുകുട്ടികൾക്ക് സമഗ്ര ആരോഗ്യ സംരക്ഷണം നൽകുക.

2. ആരോഗ്യമുള്ള ഒരു കന്നുകുട്ടി പ്രായപൂർത്തിയാകുന്നത് 15 മാസത്തിൽ കവിയാതിരിക്കുക.

3. ആദ്യപ്രസവം 24 മാസത്തിനും 26 മാസത്തിനുമിടയ്ക്ക് തന്നെ നടക്കുക.

4. രണ്ടു പ്രസവങ്ങൾ തമ്മിലുള്ള ഇടവേള കുറയ്ക്കുക. അതായത് 13 മാസത്തിൽ കവിയാതിരിക്കുക.

LIBRARY ARCHIVES Kerala Legislative Assembly